ദിവസര പ്രീ യൂണിവേഴ്സിറ്റി കോഴ്സ്

* 211. [53] ശ്രീ. പി. സി. രാഘവൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദിവസര പ്രീ യൂണിവേഴ്സിറ്റി കോഴ്സ് ഈ കൊല്ലത്തിൽ വിദ്യാഭ്യാസ വഷ്ത്തോടുകൂടി തുടങ്ങുവാൻ ഗവണ്മെന്റ് തീരുമാനിച്ച് കഴിഞ്ഞുവോ ;

(ബി) ഇതിനെത്തുടർന്ന് അനുവദിക്കേണ്ടതായ കോളേജുകളുടെ എണ്ണവും സ്ഥലവും തീരുമാനിച്ച് കഴിഞ്ഞുവോ;

(സി) എത്ര കോളേജുകൾ എവിടെയെല്ലാം തുടങ്ങുവാൻ ഉദ്ദേശിക്കുന്നു;

(ഡി) ദിവസര പ്രീ യൂണിവേഴ്സിറ്റി കോഴ്സിനു് എന്തെല്ലാം വിഷയങ്ങൾ പുതുതായി പഠിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) :

(എ) യൂണിവേഴ്സിറ്റിയുടെ തീരുമാനം സ്വീകരിക്കുവാൻ തീരുമാനിച്ചുകഴിഞ്ഞു.

(ബി) ഇല്ല.

(സി) 'ബി' യുടെ ഉത്തരം നോക്കുക.

(ഡി) എന്തെല്ലാം വിഷയങ്ങളാണു് വേണ്ടതെന്നു് യൂണിവേഴ്സിറ്റി പരിഗണിച്ചു വരികയാണു്.

പ്രൈവറ്റ് ഹൈസ്കൂളുകളുടെ മെയിന്റനൻസ് ഗ്രാന്റ്.

* 212. [54] ശ്രീ. ഡി. ദാമോദരൻ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം ഡി. ഇ. ഓ. യുടെ അധികാര പരിധിയിൽ എത്ര പ്രൈവറ്റ് ഹൈസ്കൂളുകൾ ഉണ്ടു്.

(ബി) 1963- 64—ലെ മെയിന്റനൻസ് ഗ്രാന്റ് 1963—നവംബർ മാസത്തിനു് മുമ്പു് എത്ര സ്കൂളുകൾക്കു് കൊടുത്തിട്ടുണ്ടു്;

(സി) നവംബർ മാസത്തിനു് ശേഷം എത്തെല്ലാം സ്കൂളുകൾക്കു് കൊടുത്തിട്ടുണ്ടു് ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) :

(എ) 42 ഹൈസ്കൂളുകൾ.

(ബി, സി.) വിവരങ്ങൾ അടങ്ങുന്ന ഒരു † സ്റ്റേറ്റുമെന്റു് മേശപ്പുറത്തു വച്ചിട്ടുണ്ടു്.

സ്റ്റോറു ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെന്റു വാങ്ങിയ ഡി. ഡി. റ്റി.

* 213. [55] ശ്രീ. കെ. മൊയ്തീൻകുട്ടിഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റോറു് ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെന്റിൽ ബസ്സുകളുടേയും വെയിറ്റിംഗ്ഷെഡ്ഡുകളുടേയും ആഫീസുകളുടേയും ആവശ്യത്തിനായി ഡി. ഡി. റ്റി. വാങ്ങിയിരുന്നതു് ഇപ്പോൾ നിറുത്തൽചെയ്തിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പകരം മറ്റുവല്ലതും ഉപയോഗിക്കുന്നുണ്ടോ;

(സി) പകരം ഉപയോഗിക്കുന്നതു എന്താണു്; അതു് ഏതു കമ്പനിയിൽനിന്നാണു വാങ്ങിക്കുന്നതു്;

† Appendix VII.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) അതിനു കേരളത്തിൽ ആരാണു ഏജൻറു്?

ഗതാഗതവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. കെ. ടി. അച്യുതൻ):

(എ) ഉണ്ടു്.

(ബി) ഉണ്ടു്.

(സി) പകരം ഉപയോഗിക്കുന്നതു് പെസ്കണക്ടസു് ആണു്. മെസ്സേഴ്സു് പെസ്റ്റു കൺട്രോം കമ്പനിയുടെ എറണാകുളം ബ്രാഞ്ചിൽ നിന്നും 1962-ൽ പെസ്കണക്ടസു് വാങ്ങിയിട്ടുണ്ടു്. അതിനുശേഷം വാങ്ങിയിട്ടില്ല.

(ഡി) പെസ്റ്റു് കൺട്രോം കമ്പനി ബ്രാഞ്ചു്

റൂറൽ മാൻ പവ്വർ പ്രയോജനപ്പെടുത്തുന്നതിനുള്ള പദ്ധതി.

* 214. [59] ശ്രീ. എം. സി. ഏബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്കു് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടിനൽകുമോ:

(എ) റൂറൽമാൻപവ്വർ പ്രയോജനപ്പെടുത്തുന്നതിനുള്ള എന്തെങ്കിലും പദ്ധതി ഗവണ്മെൻറിനുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അവയുടെ സ്വഭാവമെന്താണു്?

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. കെ. എ. ദാമോദരമേനോൻ) :

(എ) ഉണ്ടു്.

(ബി) തൊഴിലില്ലായ്മ വളരെയധികം അനുഭവപ്പെടുന്ന പിന്നോക്കപ്രദേശങ്ങളെയാണു് പദ്ധതിയുടെ പ്രവർത്തനത്തിനായി തിരഞ്ഞെടുക്കുന്നതു്. കാർഷികപ്രവർത്തനങ്ങളും നടക്കാത്ത മാസങ്ങളിൽ തൊഴിൽ പ്രധാനമുള്ള ചെറുകിട ജലസേചനം റോഡുനിർമ്മാണം, മണ്ണു സംരക്ഷണം മുതലായ പ്രവൃത്തികളും ഈ പദ്ധതിയുടെ ആഭിമുഖ്യത്തിൽ ഏറ്റെടുത്തു് നടത്തുന്നു. പ്രവൃത്തികളും തൊഴിലാളികളുടേതായ സഹകരണസംഘങ്ങളും, പഞ്ചായത്തുകളും മുതലായവയെ ഭാരമേൽപ്പിക്കുന്നു. കൺട്രാക്ടറന്മാരെ ഇത്തരം പ്രവൃത്തികളും നടത്തുവാൻ അനുവദിക്കാറില്ല. ഉൽപ്പാദന വർദ്ധന സംജാതമാക്കുന്നതിനു് പുറമേ സമൂഹത്തിൻെറ പൊതുവായ ആസ്തികളും വർദ്ധിപ്പിക്കുകവഴി തൊഴിലില്ലായ്മ ഭാഗികമായി പരിഹരിക്കുവാൻ സഹായിക്കുന്നു. എന്നതാണു് ഈ പദ്ധതിയുടെ സവിശേഷത.

UNSTARRED QUESTIONS AND ANSWERS POSTED FOR ANSWER ON 4-2-1964.

കൊട്ടാരക്കര ഗവണ്മെൻറു ബോയ്സു്, ഗേൾസു് ഹൈസ്കൂളുകൾ

15. [1] ശ്രീ. ഡി. ദാമോദരൻ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊട്ടാരക്കര ഗവണ്മെൻറു ബോയ്സു്, ഗേൾസു് ഹൈസ്കൂളുകളിൽ വേണ്ടത്ര ബഞ്ചു്, ഡസ്കു് മുതലായ ഉപകരണങ്ങൾ ഇല്ലെന്നുള്ള വസ്തുത ഗവണ്മെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) അവിടത്തെ കുട്ടികളിൽ ഒരു നല്ലവിഭാഗത്തിനെ നിലത്തിരുത്തിയാണു് ക്ലാസ്സുകൾ നടത്തുന്നതെന്നു് ഗവണ്മെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(സി) ഈ സ്ഥിതി പരിഹരിക്കുവാൻ വേണ്ട നടപടികൾ ഉടൻതന്നെ കൈക്കൊള്ളുമോ?

LIBRARY ARCHIVES Kerala Legislative Assembly